# വലിയശനി

## പൊതുനിർദേശങ്ങൾ

1. വലിയശനിയാഴ്ചയിലെ കുർബാന മാമോദീസാക്കുർബാന എന്നറിയപ്പെടുന്നു. ഇത് രാവിലെയോ വൈകുന്നേരമോ പരികർമം ചെയ്യാവുന്നതാണ്.

2. മാമോദീസാക്കുർബാനയോടനുബന്ധിച്ച്, സാധിക്കുമെങ്കിൽ മാമോദീസായും നടത്തുക അഭിലഷണീയമാണ്. മാമോദീസാ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും വെള്ളം വെഞ്ചരിപ്പും മാമോദീസാ വ്രതനവീകരണവും നടത്തേണ്ടതാണ്.

3. മാമോദീസായുണ്ടെങ്കിൽ അതിനുള്ള സജ്ജീകരണങ്ങൾ ചെയ്തിരിക്കണം.

4. പുതുതായി വെഞ്ചരിച്ച ജലം ജനങ്ങളുടെമേൽ തളിക്കുന്നതിന് കാറാപ്പ് ഒരുക്കിവച്ചിരിക്കണം.

5. മാമോദീസാവ്രതങ്ങൾ നവീകരിക്കുന്ന സമയത്ത് എല്ലാവരും കത്തിച്ച തിരികൾ കൈകളിൽ വഹിക്കുന്നത് അഭികാമ്യമാണ്.

6. ഏറ്റവും ആഘോഷപൂർവകമായി ഈ കർമം നടത്തുമ്പോൾ ഉപയോഗിക്കാവുന്ന ഭാഗങ്ങൾ ഈ [ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.

# വലിയശനി

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതുപോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മ) വന്നു ജനാഭിമുഖമായി നില്ക്കുന്നു.

മാമോദീസായുണ്ടെങ്കിൽ പ്രധാന കവാടത്തിങ്കൽ വച്ച് ആരംഭിക്കുന്നു. മദ്ബഹഗീതംവരെയുള്ള ഭാഗം മാമോദീസാ ക്രമത്തിലേതുപോലെ നടത്തുന്നു.

**കാർമി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമ്മി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.

മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** അദ്ഭുതകരമായ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിച്ച കർത്താവായ മിശിഹായേ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു. മാമോദീസായിലൂടെ പുതുജന്മം നല്കുകയും പാപമോചനത്തിലൂടെ ഞങ്ങളെ അനുരഞ്ജിപ്പിക്കുകയും ചെയ്ത നിന്റെ അനന്തമായ സ്നേഹത്തിനു ഞങ്ങൾ നന്ദി പറയുന്നു. വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമയാചരിക്കുന്ന ഞങ്ങളെ നിന്റെ ഉയിർപ്പിന്റെ മഹത്ത്വത്താൽ ധന്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനങ്ങൾ (22, 23, 24, 25, 26, 27)

**കാർമി.** എന്റെ പിതാക്കന്മാർ അങ്ങിൽ ആശ്രയിച്ചു;
അവർ അങ്ങിൽ ശരണംവച്ചു;
അപ്പോൾ അങ്ങ് അവരെ രക്ഷിച്ചു.

**സമൂ.** (കാനോന) തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ
സംരക്ഷകനായ കർത്താവിൽ നമുക്ക് പ്രത്യാശയർപ്പിക്കാം.

**കാർമി.** അങ്ങയുടെ പക്കൽ നിലവിളിച്ചതിനാൽ
അവർ രക്ഷിക്കപ്പെട്ടു.

**സമൂ.** അങ്ങിൽ ആശ്രയിച്ചതിനാൽ
അവർ ലജ്ജിതരായില്ല.

**കാർമി.** കർത്താവ് എന്റെ ഇടയനാകുന്നു;
എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

**സമൂ.** സമൃദ്ധമായ പുൽത്തകിടികളിൽ
അവിടന്ന് എനിക്കു വിശ്രമമേകുന്നു;
പ്രശാന്തമായ ജലാശയത്തിലേക്ക് എന്നെ ആനയിക്കുന്നു.

**കാർമി.** തിരുനാമത്തെപ്രതി എന്റെ ആത്മാവിനെ
നീതിയുടെ മാർഗത്തിലൂടെ അവിടന്നു നയിക്കുന്നു.

**സമൂ.** **മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെ നടന്നാലും**
**അങ്ങ് എന്നോടുകൂടെയുള്ളതിനാൽ**
**അനർഥമൊന്നും ഞാൻ ഭയപ്പെടില്ല.**

**കാർമി.** **ഭൂമിയും അതിലെ സമസ്തവും**
**ലോകവും അതിലെ നിവാസികളും കർത്താവിന്റേതാകുന്നു.**

**സമൂ.** **കർത്താവേ, എന്റെ ആത്മാവിനെ**
**അങ്ങയുടെ സന്നിധിയിലേക്കു ഞാൻ ഉയർത്തുന്നു.**

**കാർമി.** **കർത്താവേ, അങ്ങയുടെ മാർഗങ്ങൾ എന്നെ**
**അറിയിക്കണമേ;**
**അങ്ങയുടെ ഊടുവഴികൾ എന്നെ കാണിക്കണമേ.**

**സമൂ.** **അങ്ങാണല്ലോ എന്റെ ദൈവവും രക്ഷകനും;**
**എല്ലാദിവസവും അങ്ങേക്കായി ഞാൻ കാത്തിരിക്കും.**

**കാർമി.** **ദൈവത്തെ ഭയപ്പെടുന്നവനാരാണ്?**
**താൻ തിരഞ്ഞെടുത്ത മാർഗം കർത്താവ് അവനെ പഠിപ്പിക്കും.**

**സമൂ.** **കർത്താവിന്റെ ആലയത്തിൽ**
**ഞാൻ സ്തുതിയുടെ ബലികൾ അർപ്പിക്കും;**
**അവിടത്തെ ഞാൻ പാടിപ്പുകഴ്ത്തും.**

**കാർമി.** **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**സമൂ.** **ആദിമുതൽ എന്നേക്കും. ആമ്മേൻ.**

**കാർമി.** (കാനോന) **തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ**
**സംരക്ഷകനായ കർത്താവിൽ നമുക്ക് പ്രത്യാശയർപ്പിക്കാം.**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തി ജനകമായ ന്യായാസനത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടുചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

ഗായക.I ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ.

കർത്താവാകും മിശിഹായിൽ
മാമോദീസാ കൈക്കൊണ്ടോർ
ജീവജലത്താൽ റൂഹായാൽ,
നിങ്ങൾ ധരിപ്പൂ മിശിഹായെ.

പാപകളങ്കം മുഴുവനുമീ
മാമോദീസാ മായ്ക്കുന്നു.
ദൈവികശുദ്ധിയണിഞ്ഞവരാം
നിങ്ങളിൽ ദൈവം നിവസിപ്പൂ.

നാഥനൊടൊപ്പം സ്വർഗത്തിൽ
നിങ്ങളുമൊരുനാൾ ശാശ്വതമാം
സൗഭാഗ്യത്തിൽ നിവസിക്കും
ത്രിത്വസ്തുതികൾ പാടീടും.

ഗായക.II ദൈവത്തിന്റെ ദാസരേ, നിങ്ങൾ ശ്രവിക്കുവിൻ.

കർത്താവാകും മിശിഹായിൽ ...

ഗായക.I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഏകാത്മാവിൽ പാവനമാം
മാമോദീസാ കൈക്കൊള്ളും
നിങ്ങൾ ധരിപ്പൂ റൂഹായെ
അതുപോൽ മിശിഹാനാഥനെയും

കർത്താവിൻ തിരുനാമത്തിൽ
നിങ്ങളെയന്നു വിളിച്ചതിനാൽ
അവനോടൊപ്പം സൗഭാഗ്യം
നുകരും നിങ്ങൾ സ്വർഗത്തിൽ.

കർത്താവീശോമിശിഹായേ,
സ്ലീവായാൽ നീ മാനവരെ
രക്ഷിച്ചതിനാൽ നിന്നെയിവർ
നന്ദി പറഞ്ഞു നമിക്കുന്നു.

ഗായക.II ആദിമുതൽ എന്നേക്കും, ആമ്മേൻ.

ഏകാത്മാവിൽ പാവനമാം ...

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവു കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.** സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചന വേദിയിലുള്ളവർ** സ്വതന്ത്രനായവൻ മരിച്ചവരുടെ ഇടയിൽ.
സർവാധിപനാം ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

**ഗായക. സമൂ.** സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**വചന വേദിയിലുള്ളവർ** സ്വതന്ത്രനായവൻ മരിച്ചവരുടെ ഇടയിൽ.
സകലത്തിന്റെയും നാഥാ, ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

**ഗായക.** പരിപാവനനാം സർവേശാ,
**സമൂ.** പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

**വചന വേദിയി ലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

**ഗായക.** ആദിമുതൽ എന്നേക്കും, ആമ്മേൻ.
**സമൂ.** പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**ഗായക.** പരിശുദ്ധനായ ദൈവമേ,
**സമൂ.** പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**വചന വേദിയി ലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

**ഗായക** ആദിമുതൽ എന്നേക്കും, ആമ്മേൻ.
**സമൂ.** പരിശുദ്ധനായ ദൈവമേ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന.** (17, 3-7)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ദാഹിച്ചുവലഞ്ഞ ജനം മൂശെയ്ക്കെതിരെ ആവലാതിപ്പെട്ടു ചോദിച്ചു: 'നീ എന്തിനാണു ഞങ്ങളെ ഈജിപ്തിൽ നിന്നു പുറത്തേക്കു കൊണ്ടുവന്നത്? ഞങ്ങളും കുട്ടികളും കന്നുകാലികളും ദാഹിച്ചു ചാകട്ടെ എന്നു കരുതിയാണോ?' മൂശെ കർത്താവിനോടു നിലവിളിച്ചു പറഞ്ഞു: 'ഈ ജനത്തോടു ഞാൻ എന്താണു ചെയ്യുക? ഏറെത്താമസിയാതെ അവർ എന്നെ കല്ലെറിയും.' കർത്താവു മൂശെയോട് അരുൾച്ചെയ്തു: 'ഏതാനും ഇസ്രായേൽ ശ്രേഷ്ഠന്മാരുമൊത്ത് നീ ജനത്തിന്റെ മുൻപേ പോകുക. നദിയുടെമേൽ അടിക്കാൻ ഉപയോഗിച്ച വടിയും കൈയിലെടുത്തുകൊള്ളുക. ഇതാ, നിനക്കു മുൻപിൽ ഹോറെബിലെ പാറമേൽ ഞാൻ നില്ക്കും. നീ ആ പാറയിൽ അടിക്കണം. അപ്പോൾ അതിൽനിന്നു ജനത്തിനു കുടിക്കാൻ വെള്ളം പുറപ്പെടും.' ഇസ്രായേൽ ശ്രേഷ്ഠന്മാരുടെ സാന്നിധ്യത്തിൽ മൂശെ അങ്ങനെ ചെയ്തു. ഇസ്രായേൽക്കാർ അവിടെവച്ചു കലഹിച്ചതിനാലും 'കർത്താവു ഞങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ' എന്നു ചോദിച്ചുകൊണ്ടു കർത്താവിനെ പരീക്ഷിച്ചതിനാലും മൂശെ ആ സ്ഥലത്തിനു 'മാസാ' എന്നും 'മെറീബാ' എന്നും പേരിട്ടു.**

(അല്ലെങ്കിൽ) ഉല്പത്തി 22, 1-19

(അല്ലെങ്കിൽ) നിയമാവർത്തനം 34, 1-9

## രണ്ടാം വായന

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. യോനായുടെ പുസ്തകത്തിൽനിന്നുള്ള വായന. (2, 1-10)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെ വരുന്ന പ്രർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** മത്സ്യത്തിന്റെ ഉദരത്തിൽവച്ചു യോനാ തന്റെ ദൈവമായ കർത്താവിനോടു പ്രാർഥിച്ചു: 'എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടന്ന് എനിക്ക് ഉത്തരമരുളി. പാതാളത്തിന്റെ ഉദരത്തിൽനിന്നു ഞാൻ നിലവിളിച്ചു; അവിടന്ന് എന്റെ നിലവിളി കേട്ടു. അവിടന്ന് എന്നെ ആഴത്തിലേക്ക്, സമുദ്രമധ്യത്തിലേക്കു വലിച്ചെറിഞ്ഞു. പ്രവാഹം എന്നെ വളഞ്ഞു. അങ്ങയുടെ തിരമാലകൾ എന്റെ മുകളിലൂടെ കടന്നുപോയി. അപ്പോൾ, ഞാൻ പറഞ്ഞു: അങ്ങയുടെ സന്നിധിയിൽനിന്നു ഞാൻ നിഷ്കാസിതനായിരിക്കുന്നു. അങ്ങയുടെ വിശുദ്ധ മന്ദിരത്തിലേക്ക്, ഇനി ഞാൻ എങ്ങനെ നോക്കും? സമുദ്രം എന്നെ വലയം ചെയ്തിരിക്കുന്നു. ആഴി എന്നെ ചുറ്റിയിരിക്കുന്നു. പായൽ എന്റെ തല വരിഞ്ഞുമുറുക്കിയിരിക്കുന്നു. പർവതങ്ങൾ വേരുപാകിയിരിക്കുന്ന സമുദ്രത്തിന്റെ അടിത്തട്ടിലേക്കു ഞാൻ ഇറങ്ങിച്ചെന്നു. അതിന്റെ ഓടാമ്പലുകൾ എന്നെ എന്നേക്കുമായി അടച്ചുപൂട്ടി. എങ്കിലും എന്റെ ദൈവമായ കർത്താവേ, അങ്ങ് എന്റെ ജീവനെ പാതാളത്തിൽനിന്നു പൊക്കിയെടുത്തു. എന്റെ ജീവൻ മരവിച്ചപ്പോൾ, ഞാൻ കർത്താവിനെ ഓർത്തു. എന്റെ പ്രാർഥന അങ്ങയുടെ അടുക്കൽ, അങ്ങയുടെ വിശുദ്ധ മന്ദിരത്തിൽ, എത്തി. വ്യർഥവിഗ്രഹങ്ങളെ

പൂജിക്കുന്നവർ തങ്ങളുടെ വിശ്വസ്തത വെടിയുന്നു. എന്നാൽ, ഞാൻ കൃതജ്ഞതാ സ്തോത്രങ്ങളാലാപിച്ച് അങ്ങേക്കു ബലി അർപ്പിക്കും. ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും. കർത്താവിൽനിന്നാണു രക്ഷ.' കർത്താവു മത്സ്യത്തോടു കല്പിച്ചു. അതു യോനായെ കരയിലേക്കു ഛർദിച്ചിട്ടു.

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

**കാർമി.** സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
മാമോദീസാ രഹസ്യത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ

**ശുശ്രൂ.I** തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.I** ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (6, 3-11)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ഈശോമിശിഹായോട് ഐക്യപ്പെടാൻ മാമോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണു മാമോദീസാ സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്.**

**അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ, അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു.**

നാം മിശിഹായോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)

**ഗായക.** ഹല്ലേലുയ്യാ പാടീടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കർത്താവെന്നോടരുളിച്ചെയ്തു:
നീയല്ലോ മമ വത്സലപുത്രൻ.

ഞാനിന്നേകി നിനക്കായ് ജന്മം
ചോദിക്കുക നീ എന്നോടെന്തും.

ധരയുടെയതിരുകൾ നിൻ കീഴാകും
ജനതകളഖിലം നിന്നവകാശം.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതൽക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** നമുക്കു ശ്രദ്ധാപൂർവംനിന്നു
പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

## സുവിശേഷം

**കാർമി.** വിശുദ്ധ മത്തായി അറിയിച്ച
നമ്മുടെ കർത്താവീശോമിശിഹായുടെ
പരിശുദ്ധ സുവിശേഷം. (28, 1-20)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങി വന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: 'ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുൾച്ചെയ്തതുപേലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നുകാണുവിൻ. വേഗം പോയി അവന്റെ ശിഷ്യൻമാരോട്, അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കുമുൻപേ ഗലീലിയിലേക്കു പോകുന്നെന്നും അവിടെവച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.'

അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ ഈശോ എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. ഈശോ അവരോടു പറഞ്ഞു: 'ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോടു ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.'

അവർ പോയപ്പോൾ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാം പ്രധാനപുരോഹിതന്മാരെ അറിയിച്ചു. അവരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കു വേണ്ടത്ര പണം

കൊടുത്തിട്ടു പറഞ്ഞു: 'ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചു കൊണ്ടുപോയി എന്നു പറയുവിൻ. ദേശാധിപതി ഇതറിഞ്ഞാൽ, ഞങ്ങൾ അവനെ സ്വാധീനിച്ച് നിങ്ങൾക്ക് ഉപദ്രവമുണ്ടാക്കാതെ നോക്കിക്കൊള്ളാം.' അവർ പണം വാങ്ങി, നിർദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തിലിരിക്കുന്നു.

ഈശോ നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്കു പോയി. അവനെ കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു. ഈശോ അവരെ സമീപിച്ച്, അരുൾച്ചെയ്തു: 'സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.'

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

മാമോദീസാ പരികർമ്മംചെയ്യുന്നുണ്ടെങ്കിൽ, മാമോദീസായുടെ കർമ്മങ്ങൾക്കുശേഷം വിജ്ഞാപനം വായിക്കുന്നു.

**വിജ്ഞാപനം:** പ്രിയ സഹോദരരേ, ആദിമസഭയിൽ വലിയശനിയാഴ്ച മാമോദീസാ നല്കുന്ന പതിവുണ്ടായിരുന്നു. ഈ പതിവ് ചില സ്ഥലങ്ങളിൽ പുനഃരാരംഭിച്ചിട്ടുണ്ട്. മാമോദീസായിലൂടെ നാം മിശിഹായോടൊപ്പം മരിച്ച്, സംസ്കരിക്കപ്പെട്ട്, ഉയിർത്തെഴുന്നേല്ക്കുന്നുവെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഓർമിക്കുക. അതുപോലെ, പാപത്തോടു മരിച്ച്, മിശിഹായോടൊപ്പം ഉയിർത്തെഴുന്നേല്ക്കുന്ന അനുഭവമാണ് മാമോദീസായിലൂടെ നമുക്കു ലഭിക്കുന്നത്. ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കാൻ ഏറ്റവും ഉചിതമായ ദിനം ഇന്നാണല്ലോ. തുടർന്നു വരുന്ന തിരുക്കർമങ്ങൾ മാമോദീസായിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന വലിയ അനുഗ്രഹങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. വെള്ളം വെഞ്ചരിച്ച് നമ്മുടെമേൽ തളിച്ചുകൊണ്ട് മാമോദീസാജലത്തിലൂടെ നമുക്ക് പുതുജന്മം ലഭിച്ചതിനെ നാം ഓർക്കുന്നു. ദീപം കൊളുത്തി ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിക്കുന്ന നാം, ഈ ലോകത്തിന്റെ പ്രകാശമായി ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു. മാമോദീസായുടെ അവസരത്തിൽ നാമെടുത്ത വ്രതങ്ങൾ നമുക്കു നവീകരിക്കാം. സഭയുടെ വിശ്വാസസത്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് മിശിഹായിൽ നവീകരിക്കപ്പെട്ട ജീവിതം നയിക്കാൻ നമുക്ക് ഉത്സാഹിക്കാം. ഈ തിരുക്കർമങ്ങളിൽ ഭക്തിപൂർവം പങ്കെടുത്ത് ദൈവത്തിന്റെ കൃപക്കായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

## വെള്ളം വെഞ്ചരിപ്പ്

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ മാമോദീസായുടെ ആദിരൂപമായി യോർദ്ദാനിൽവച്ച് ഈശോ മാമോദീസാ സ്വീകരിച്ചപ്പോൾ അവിടത്തെമേൽ ഇറങ്ങിവസിച്ചവനും ഞങ്ങളുടെ പഴയ പ്രകൃതിയെ നവീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് ഈ ജലത്തിൽ ആവസിച്ച് ഇതിനെ വിശുദ്ധീകരിക്കട്ടെ. ആത്മാവിനെയും ശരീരത്തെയും പവിത്രീകരിക്കാനും ജീവിതം നവീകരിക്കാനുമുള്ള ശക്തി അവിടന്ന് ഈ ജലത്തിന് പ്രദാനം ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

(കാർമികൻ വെള്ളത്തിനുമീതെ കുരിശടയാളം വരയ്ക്കുന്നു)

**സമൂ.** ആമ്മേൻ.

**കാർമി.** വിശുദ്ധ മാമോദീസയാൽ ഞങ്ങൾക്കു പാപമോചനം നല്കുകയും മക്കളുടെ സ്ഥാനത്തേക്കു ഞങ്ങളെ ഉയർത്തുകയും ചെയ്ത ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം പാലിക്കാനും നിത്യസൗഭാഗ്യത്തിന് അർഹരാകാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

വെഞ്ചരിച്ച വെള്ളംകൊണ്ട് കാർമികൻ വിശ്വാസികളെ തളിക്കുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കാവുന്നതാണ്.

## ഗീതം

സർവോന്നതനാം കർത്താവേ,
താവകസുതനാമീശോയെ
തന്നതിനാദരപൂർവമിതാ
നന്ദിയൊടങ്ങയെ വാഴ്ത്തുന്നു.

കാരുണ്യത്താൽ ഞങ്ങളെ നീ
പാരിൽ ദൈവികസുതരാക്കി
മാമോദീസാ സലിലത്താൽ
ഞങ്ങൾക്കേകീ പുതുജീവൻ.

പരിപാവനമീ സലിലത്താൽ
മാനവപാപക്കറ കഴുകും
നാഥാ, താവക നൈർമല്യം
മർത്ത്യാത്മാവിൽ നിറയുന്നു.

ഇന്നു വിശുദ്ധജലത്താൽ നീ
നല്കിയ ദാനം നിസ്തുലമാം
കർത്താവേ, നിൻ കരുണയ്ക്കായ്
സ്തുതിയും സ്തോത്രവുമെന്നേക്കും.

വചനവേദിയിൽ തിരിച്ചുവന്നതിനുശേഷം ഒരുക്കിവച്ചിരിക്കുന്ന തീ / തിരി / നിലവിളക്ക് കൊളുത്തുന്നു. തത്സമയം ചൊല്ലുന്നു:

**കാർമി.** 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല' എന്നരുൾച്ചെയ്ത മിശിഹാ അന്ധകാരം നീക്കി നമ്മെ പ്രകാശിപ്പിക്കട്ടെ.

**സമൂ.** ആമ്മേൻ.

തീ / തിരി / നിലവിളക്കിൽനിന്ന് ജനങ്ങളും തിരി കത്തിച്ചെടുക്കുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കാവുന്നതാണ്.

## ഗീതം

(അവനീപതിയാം ...)

'വിശ്വവെളിച്ചം ഞാനെ'ന്നരുളിയ
മിശിഹാനാഥനെ വാഴ്ത്തിപ്പാടാം.

നിന്നിൽനിന്നു കൊളുത്താം ഞങ്ങൾ
ജീവിതനാളം ദീപ്തി പരത്താൻ.

കൂരിരുൾതിങ്ങും ഭൂമിയിലെങ്ങും
നിത്യമുയർത്താം കൈത്തിരിനാളം.

നിശയുടെയിരുളും നിഴലും നീക്കാൻ
ഞങ്ങൾ കൈത്തിരിമലരുകളാകാം.

(അല്ലെങ്കിൽ)

ദീപമേ, സ്വർല്ലോകദീപമേ,
ജീവൻ പകർന്നിടുന്ന ദീപമേ,
വാനം തുറന്നുവന്ന ദീപമേ,
വാനോർ വണങ്ങിടുന്ന ദീപമേ, ദീപമേ ...

വിജയത്തിൻ പൊൻകൊടി പാറിപ്പറന്നുവന്നു;
മരണത്തിൻ കോട്ടകളെല്ലാം തകർന്നുവീണു;
കല്ലറയിൽ പുതിയൊരു ജീവൻ കുരുത്തുവന്നു:
ദൈവത്തിൻ നിത്യകുമാരകനുയിർത്തുവന്നു.

ദീപമേ ...

## മാമോദീസാ വ്രതനവീകരണം

**വിജ്ഞാപനം:** നമ്മിൽ മിക്കവരും കുഞ്ഞുങ്ങളായിരുന്നപ്പോൾ മാമോദീസാ സ്വീകരിച്ചവരാണ്. അന്ന് നമ്മുടെ മാതാപിതാക്കളും ജ്ഞാനസ്നാനമാതാപിതാക്കളുമാണ് നമുക്കുവേണ്ടി സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞത്. ആ വിശ്വാസസത്യങ്ങൾ നമുക്കിപ്പോൾ ബോധപൂർവം ഏറ്റുപറയാം.

**കാർമി.** പ്രിയ സഹോദരരേ, നമുക്കൊരുമിച്ച് സഭയുടെ വിശ്വാസ രഹസ്യങ്ങൾ ഏറ്റുപറയാം.

മാമോദീസാ പരികർമം നടത്തിയെങ്കിൽ വിശ്വാസപ്രമാണം ആവർത്തിക്കേണ്ടതില്ല.

വിശ്വാസപ്രമാണം പ്രത്യുത്തരത്തോടുകൂടിയോ അല്ലാതെയോ ഏറ്റുപറയാവുന്നതാണ്.

**കാർമി.** സർവശക്തനും പിതാവും, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവുമായ ഏകദൈവത്തിൽ വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏക കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** അവിടന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നുവെന്നും, അവിടന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തുവെന്നും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടന്നു സ്വർഗത്തിൽനിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് മനുഷ്യനായിപ്പിറന്നുവെന്നു വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** അവിടന്നു പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുവെന്നു വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** അവിടന്നു സ്വർഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവെന്നും, മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ വീണ്ടും വരുമെന്നും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു

**കാർമി.** പിതാവിൽനിന്നും - പുത്രനിൽനിന്നും - പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** പാപമോചനത്തിനുള്ള ഏക മാമോദീസയിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യായുസ്സിലും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

(അല്ലെങ്കിൽ)

**കാർമി.** സർവശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവുംചേർന്നു തുടരുന്നു)

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സകലസൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പു പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും

പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടന്നു സ്വർഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ, കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ചു മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. അവിടന്നു സ്വർഗത്തിലേക്ക് എഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ അവിടന്നു വീണ്ടും വരാനിരിക്കുന്നു. പിതാവിൽനിന്നും - പുത്രനിൽനിന്നും - പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകമാമോദീസായും ശരീരത്തിന്റെ ഉയിർപ്പും നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

**കാർമി.** നാം ഏറ്റുപറഞ്ഞ ഈ വിശ്വാസമനുസരിച്ച് തുടർന്നും ജീവിക്കാൻ സർവശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*കാർമികൻ ചൊല്ലിക്കൊടുക്കുന്ന മാമോദീസാ നവീകരണ പ്രാർഥന സമൂഹം ഏറ്റുചൊല്ലുന്നു.*

**കാർമി.** കാരുണ്യവാനായ ദൈവമേ, / അങ്ങയുടെ പുത്രനായ മിശിഹാവഴി / ഞങ്ങളെ രക്ഷിച്ചതിന് / ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. / മാമോദീസായും തൈലാഭിഷേകവുംവഴി / ഞങ്ങളുടെ പാപങ്ങൾ മോചിച്ച് / ദൈവത്തിന്റെ മക്കളും / പരിശുദ്ധാത്മാവിന്റെ ആലയങ്ങളും / സഭയിലെ അംഗങ്ങളുമായി / ഞങ്ങളെ ഉയർത്തിയതിന് / അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. / പാപവും പാപമാർഗങ്ങളും ഉപേക്ഷിച്ച് / പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്ക് അനുസൃതമായി / ജീവിതം നവീകരിക്കാനും / ലോകത്തിന്റെ പ്രകാശവും / ഭൂമിയുടെ ഉപ്പുമായി / ജീവിക്കാനും / ഞങ്ങളെ സഹായിക്കണമേ. / ആമ്മേൻ.

**കാർമി.** പാപികളെ വിളിക്കാൻ പാപികളുടെ മധ്യത്തിലേക്കു വന്ന കാരുണ്യവാനായ കർത്താവേ, പാപികളായ ഞങ്ങളെ അനുഗ്രഹിക്കണമേ. രോഗികൾക്കാണു വൈദ്യനെ ആവശ്യം, സുഖമുള്ളവർക്കല്ല, എന്ന് അവിടന്ന് അരുൾച്ചെയ്തിട്ടുണ്ടല്ലോ. രോഗികളും പാപികളുമായ ഞങ്ങളോടു കരുണ തോന്നണമേ.

മാമോദീസാവഴി ദൈവപുത്രസ്ഥാനത്തേക്ക് അങ്ങു ഞങ്ങളെ ഉയർത്തി. എങ്കിലും ധൂർത്തപുത്രനെപ്പോലെ ഞങ്ങൾ അങ്ങിൽനിന്ന് അകന്നുപോയി. അങ്ങയുടെ മക്കളെന്നു വിളിക്കപ്പെടാൻ ഞങ്ങൾ അർഹരല്ല. ദൈവമേ, ഞങ്ങളോടു കരുണ തോന്നണമേ.

മനുഷ്യവർഗത്തിന്റെ പ്രതീക്ഷയും ലോകത്തിന്റെ സമാധാനവുമായ മിശിഹായേ, അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. ശത്രുതയും വിരോധവും കോപവും പ്രതികാരചിന്തയും വെടിഞ്ഞു പരസ്പരസ്നേഹത്തിലും ധാരണയിലും ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**വിജ്ഞാപനം :** 'മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല' എന്നു നമ്മുടെ കർത്താവീശോമിശിഹാ അരുൾച്ചെയ്തിരിക്കുന്നു. 'സ്വന്തം സഹോദരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവൻ കള്ളം പറയുന്നു' എന്നു യോഹന്നാൻ ശ്ലീഹാ എഴുതിയിട്ടുണ്ട്. 'ക്രിസ്തീയസ്നേഹം ഒട്ടേറെ പാപങ്ങൾ മായിച്ചുകളയുന്നു' എന്നു പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ഈ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ആദിമക്രിസ്ത്യാനികൾ പാലിച്ചുപോന്ന പരസ്നേഹം മറ്റുള്ളവരെ വിസ്മയിപ്പിച്ചിട്ടുണ്ട്. മാമോദീസായും തൈലാഭിഷേകവും പരിശുദ്ധ കുർബാനയും സ്വീകരിക്കുന്നവർ മറ്റുള്ളവരോടു ക്ഷമായാചനം ചെയ്ത്, ക്രിസ്തീയസ്നേഹം സുദൃഢമാക്കാൻ ശ്രമിച്ചിരുന്നു. അവരെ അനുകരിച്ചു നമുക്കും, ഈ അവസരത്തിൽ പരസ്പരം ക്ഷമിച്ച്, യഥാർഥക്രിസ്ത്യാനികളാകാൻ പരിശ്രമിക്കാം.

കാർമികൻ ചൊല്ലിത്തരുന്ന പ്രാർഥന നമുക്കെല്ലാവർക്കും ഏറ്റുചൊല്ലാം.

(കാർമികൻ ചൊല്ലിക്കൊടുക്കുന്നു)

കാർമി. സ്നേഹത്തിന്റെ പ്രമാണവുമായി / ലോകത്തിലേക്കുവന്ന കർത്താവേ, / പരസ്പരം സ്നേഹിച്ചുകൊണ്ട്, / അവിടത്തെ ശിഷ്യരായി ജീവിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. / അവിടന്നു ഞങ്ങളെ സ്നേഹിച്ചതു പോലെ, / ഞങ്ങളും പരസ്പരം സ്നേഹിക്കാൻ / ഞങ്ങളെ പഠിപ്പിക്കണമേ. / ഞങ്ങളെ ദ്രോഹിച്ചിട്ടുള്ളവരോട്, / ഹൃദയപൂർവം ഞങ്ങൾ ക്ഷമിക്കുന്നു. / ഞങ്ങൾ ആരെയെങ്കിലും ദ്രോഹിച്ചിട്ടുണ്ടെങ്കിൽ, / അവരോടു ഞങ്ങൾ / മാപ്പു ചോദിക്കുന്നു. / കടങ്ങളെല്ലാം വീട്ടിക്കൊള്ളാമെന്നും,/ കഴിയുന്നവിധത്തിലെല്ലാം / മറ്റുള്ളവരെ സഹായിച്ചുകൊള്ളാമെന്നും / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. / ആമ്മേൻ.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും പ്രാർഥനാരൂപിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും സ്വർഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല' എന്നരുൾച്ചെയ്ത മിശിഹായേ, മാമോദീസായിലൂടെ പുതുജന്മം പ്രാപിച്ച ഞങ്ങളെ വിശുദ്ധിയിലും ജ്ഞാനത്തിലും വളർത്തണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ഞങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത മിശിഹായേ, പാപത്തിനു മരിച്ച് നവജീവൻ പ്രാപിച്ച ഞങ്ങളെ, ഉത്ഥാനപ്രതീക്ഷയിൽ വളർത്തണമെന്നു പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മാമോദീസായിലൂടെ ദൈവികജീവൻ ഞങ്ങൾക്കു പ്രദാനം ചെയ്ത മിശിഹായേ, ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിച്ച് നിന്റെ സാക്ഷികളായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മാമോദീസായിലൂടെ തിരുസഭയുടെ അംഗങ്ങളായി ഞങ്ങളെ ഉയർത്തിയ മിശിഹായേ, സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നല്കണമെന്നു കല്പിച്ച മിശിഹായേ, മാമോദീസായിലൂടെ പ്രകാശത്തിന്റെ പാതയിൽ ഞങ്ങളെ നയിക്കണമെന്നു പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ **(പേര്)** പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ **(പേര്)** മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ **(പേര്)** മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ **(പേര്)** മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** കുരിശുമരണംവഴി ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ച മിശിഹായേ, മാമോദീസായിലൂടെ ദൈവിക ജീവൻ പ്രദാനം ചെയ്ത നിന്റെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദി പറയുന്നു. വിശുദ്ധജീവിതംവഴി മാമോദീസായുടെ ഫലങ്ങൾ പുറപ്പെടുവിക്കാനും നിന്റെ സാക്ഷികളായി വർത്തിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണ നിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിലുംനിന്ന് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യാൻ ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കണമേ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായി നിന്നു ചൊല്ലുന്നു.

**ശുശ്രൂ.** **മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.**

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** **സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.**

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

**കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.**

താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

**ഗായക.** **ഭൂമി മുഴുവൻ സന്തോഷിക്കട്ടെ.**

**സമൂ.** **കർത്താവാം മിശിഹാ**
**കല്ലറയിൽനിന്നും**
**ഉത്ഥാനം ചെയ്തു.**
**രക്ഷാകരമീ സന്ദേശം**
**ഉലകിനു നല്കീ പ്രത്യാശ**
**മാർഗം തെറ്റിയ ജനതതിയെ**
**നേർവഴിചേർത്തു നയിക്കുന്നു**
**ഉത്ഥിതനാം നാഥൻ നല്ലിടയൻ.**

**ഗായക.** **അവിടത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.**

**സമൂ.** **കർത്താവാം മിശിഹാ ...**

(അല്ലെങ്കിൽ)

**ഗായക.** **ഭൂമി മുഴുവൻ സന്തോഷിക്കട്ടെ.**

**സമൂ.** **കർത്താവു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റ് പ്രപഞ്ചത്തെ മുഴുവനും പ്രകാശിപ്പിച്ചിരിക്കുന്നു. പരാജിതനായ ശത്രു അപ്പോൾ വിളിച്ചു പറയും: 'ഇതാ എന്റെ ശക്തിയെല്ലാം തകർക്കപ്പെട്ടിരിക്കുന്നു'. ലോകം മുഴുവൻ രക്ഷയുടെ സന്ദേശവും സന്തോഷവും പ്രത്യാശയുംകൊണ്ട്**

നിറഞ്ഞിരിക്കുന്നു. പാപത്താൽ ഞെരുക്കപ്പെട്ട പ്രപഞ്ചം ഇതാ, രക്ഷകനെ കണ്ടെത്തിയിരിക്കുന്നു. വഴിതെറ്റിപ്പോയ ആടുകളെ നേരായ പാതയിലേക്ക് ഈ സ്വർഗീയ ഇടയൻ നയിക്കുന്നു.

**ഗായക.** അവിടത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.

**സമൂ.** കർത്താവു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റ് ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)

## പ്രത്യേകഗീതം (ദ്ഹീലത്ത്)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**കാർമി.** മഹിമാപൂർണ്ണൻ സർവേശ്വരനേ,
മഹനീയം നീ വാഴും ഭവനം.

**സമൂ.** വാനിലുമതുപോൽ ഭൂവിലുമെന്നും
കീർത്തിതമല്ലോ ദിവ്യമഹത്ത്വം.

**കാർമി.** മാമകഹൃദയം സന്തോഷിപ്പൂ
മാനസമതുപോൽ ആനന്ദിപ്പൂ.

**സമൂ.** മാമകഗാത്രം ജീർണതയെന്യേ
വിശ്രമമോലും, ജീവൻ പുല്കും.

**കാർമി.** പാതാളത്തിൽ തള്ളിയതില്ലാ
പാവനനെന്നെ മറന്നതുമില്ല.

**സമൂ.** വാനും ഭൂവും മാനവരൊപ്പം
നാഥനെ നിതരാം വാഴ്ത്തീടുന്നു.

**കാർമി.** ആരാധിക്കാം വാനവരൊപ്പം
ത്രിത്വസ്തുതികൾ പാടി നമിക്കാം.

(അല്ലെങ്കിൽ)

**സമൂ.** ഉന്നതനായ ദൈവമേ, എന്നുമെന്നേക്കും നിന്റെ വിശുദ്ധ സ്ഥലത്തു നീ മഹത്ത്വപൂർണനാകുന്നു. കർത്താവിന്റെ മഹത്ത്വം അവന്റെ സ്ഥലത്തു പ്രകീർത്തിക്കപ്പെടുന്നു. ഇന്ന് എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു. എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കും. അവിടന്ന് എന്നെ പാതാളത്തിൽ തള്ളിയില്ല; അങ്ങയുടെ പരിശുദ്ധൻ ജീർണിക്കാൻ അനുവദിച്ചുമില്ല. ആകാശവും ഭൂമിയും അതിലെ സകല

വസ്തുക്കളും ഇന്നേദിവസം നമ്മോടുകൂടെ കർത്താവിനെ സ്തുതിക്കുന്നു. മാലാഖമാരോടൊത്ത് പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ആകാശവും ഭൂമിയും അവിടത്തെ മഹത്ത്വത്താൽ നിറഞ്ഞിരിക്കുന്നു. ഹല്ലേലുയ്യാ. (3)

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** കൈക്കൊള്ളുന്നീ ദിവ്യരഹസ്യം
കർത്താവേ, നിൻ കാരുണ്യത്താൽ.

പാപികളാകും ഞങ്ങൾക്കേകിയ
യോഗ്യതയോർത്തു വണങ്ങീടുന്നു.

(അല്ലെങ്കിൽ)

**സമൂ.** ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അനന്തകാരുണ്യത്താൽ സ്തുത്യർഹവും ആരാധ്യവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അയോഗ്യരും പാപികളുമായ ഞങ്ങളെ അങ്ങു യോഗ്യരാക്കി. മാലാഖമാരോടൊത്ത് പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ആകാശവും ഭൂമിയും അവിടത്തെ മഹത്ത്വത്താൽ നിറഞ്ഞിരിക്കുന്നു. ഹല്ലേലുയ്യാ. (3)

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** കുരിശിൽ ജീവൻ ഹോമിച്ചവനാം
മിശിഹാനാഥനെ വാഴ്ത്തി നമിക്കാം.

പാവനമാകും നിണഗാത്രങ്ങൾ
കൈക്കൊണ്ടീടാം, ജീവൻ നേടാം.

(അല്ലെങ്കിൽ)

**ശുശ്രൂ.** ദൈവപുത്രൻ തന്റെ കുരിശുമരണംവഴി നമ്മെ രക്ഷിച്ചതിനെയോർത്ത് സഭയിൽ നമുക്കു നന്ദി പറയാം. സഹോദരരേ, വരുവിൻ, മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് നമുക്കു നവജീവൻ പ്രാപിക്കാം.

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, സർവസൃഷ്ടിജാലങ്ങളുമൊത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങു ഞങ്ങളുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നന്മകൾക്കു ഞങ്ങൾ നന്ദി പറയുന്നു. മാലാഖമാരോടൊത്ത് എന്നും അങ്ങയെ മഹത്ത്വപ്പെടുത്താൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** ഞങ്ങളുടെ ജീവനും ഉയിർപ്പുമായ മിശിഹായേ, മാമോദീസാവഴി നിന്റെ മരണത്തിലും സംസ്കാരത്തിലും ഐക്യപ്പെട്ട ഞങ്ങളെ നിന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കണമേ. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ ഉരിഞ്ഞുമാറ്റുന്നതിനും, നിന്നോടൊത്തു ജീവിച്ചുകൊണ്ട് നിത്യസൗഭാഗ്യത്തിന് അർഹരായിത്തീരുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം

(തൂയൈ ... / കർത്താവാം, മിശിഹാവഴിയായ് ...)

**കാർമി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർല്ലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

വഴിയും ജീവനുമതുപോലെ
സത്യവുമാകും മിശിഹായേ,
തിരുവുത്ഥാനത്തിൽ ഞങ്ങൾ
പങ്കാളികളായ്ത്തീരുന്നു.

മാമോദീസാവഴി ഞങ്ങൾ
കൈക്കൊണ്ടല്ലോ നവജീവൻ
നിത്യവുമതു സംരക്ഷിക്കാൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

സാക്ഷികളാകണമെന്നെന്നും
സുവിശേഷത്തിനു മർത്ത്യരിവർ
ജനപദമെല്ലാമറിയട്ടെ
രക്ഷാമാർഗം നീ തന്നെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽനിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.' വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങളെ പങ്കുകാരാക്കുന്നതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധി അഭംഗം കാത്തുസൂക്ഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ

ഉപ്പുമായി ജീവിച്ച് ഞങ്ങൾ നിന്റെ സുവിശേഷത്തിനു സാക്ഷികളാകട്ടെ. എല്ലാ ജനപദങ്ങളും നിന്നെ അറിയാനും, വിശ്വസിച്ച് മാമോദീസാ സ്വീകരിക്കാനും, സഭയിൽ നിന്നെ മഹത്ത്വപ്പെടുത്താനും ഇടവരട്ടെ. നിന്റെ ശരീരത്തിലെ അവയവങ്ങളായിത്തീർന്നിരിക്കുന്ന ഞങ്ങൾ പരസ്പരസ്നേഹത്തിലും ഐക്യത്തിലും അനുദിനം വളരുകയും ചെയ്യട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.